20
മേയ് 2017 ശനി
1192 ഇടവം 06
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

വർഷങ്ങൾ 4 തലമുറകൾ

14 പേജ് ₹ 6.50

THIRUVANANTHAPURAM KOLLAM PATHANAMTHITTA ALAPUZHA KOTTAYAM KOCHI THRISSUR KOZHIKODE KANNUR BANGALORE www.keralakaumudi.com www.facebook.com/keralakaumudi

ഒറ്റനോട്ടം

ജാദവ് കേസ് വീണ്ടും പരിഗണിക്കണമെന്ന് പാക് ഹർജി
പേജ് 11

ചിറകരിഞ്ഞു; ടേക്ക് ഓഫ് ചെയ്യാതെ എയർ കേരള
പേജ് 07

വിദ്യാഭ്യാസവും ആരോഗ്യവും ഒഴിവാക്കി
പേജ് 14

മെട്രോയിലെ കുതിപ്പിന് ഏഴ് വനിതകൾ
പേജ് 08

ആധാറിൽ വാദം കേൾക്കും: കോടതി

ന്യൂഡൽഹി: സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ആധാർ നിർബന്ധമാക്കിയ നടപടിക്കെതിരായ ഹർജികളിൽ വാദം കേൾക്കുമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. അതേസമയം, ഇക്കാര്യത്തിൽ അടിയന്തരവാദം കേൾക്കേണ്ട കാര്യമില്ലെന്ന് കേന്ദ്രസർക്കാർ വാദിച്ചു. 17 സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ആധാർ നിർബന്ധമാക്കിയ സർക്കാർ നടപടി ചോദ്യം ചെയ്ത് സാമൂഹ്യപ്രവർത്തകരായ ശാന്താ സിൻഹയും കല്യാണിസെൻ മേനോനമാണ് കോടതിയെ സമീപിച്ചത്.

അടിയന്തരമായി വാദം കേൾക്കേണ്ട കാര്യമില്ലെന്ന് അറ്റോർണി ജനറൽ മുകുൾ റോഹ്തഗി വാദിച്ചു. എന്നാൽ, ഹർജികൾ വാദം കേൾക്കുമെന്ന് വ്യക്തമാക്കിയ ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ അദ്ധ്യക്ഷനായ അവധിക്കാല ബെഞ്ച് കേസ് 27ലേക്ക് മാറ്റി.

തലവര

കൊച്ചി മെട്രോ ഉദ്ഘാടനം: പ്രധാനമന്ത്രിയുടെ സമയത്തിനായി അനന്തമായി കാത്തിരിക്കില്ല - കടകംപള്ളി

പി.എം വരാതിരുന്നാലോ ഞങ്ങടെ പരാതി തീരുലാ...

3, 4 സ്റ്റാർ ബാറുകൾ തുറന്നേക്കും

KAUMUDI EXCLUSIVE

▸ശ്രീകുമാർ പള്ളിലേത്ത്

തിരുവനന്തപുരം: സർക്കാരിന്റെ പുതിയ മദ്യനയം വരുന്നതോടെ പൂട്ടിയ ബാറുകൾ ഉപാധികൾക്ക് വിധേയമായി തുറന്നേക്കും.

ത്രീ സ്റ്റാർ മുതൽ മുകളിലേക്കുള്ളവ ആദ്യഘട്ടത്തിൽ തുറക്കണമെന്ന നിർദ്ദേശമാണ് പരിഗണനയിൽ. എക്സൈസ് വകുപ്പിന്റെ ധനാഭ്യർത്ഥനചർച്ചയ്ക്ക് മന്ത്രി ടി.പി. രാമകൃഷ്ണൻ നിയമസഭയിൽ നൽകിയ മറുപടിയും ഈ സൂചനയാണ് നൽകുന്നത്.

സി. പി. എം ട്രേഡ് യൂണിയൻ നേതാക്കളുടെയും മദ്യമേഖലയുമായി ബന്ധപ്പെട്ടവരുടെയും യോഗം 23ന് എ. കെ. ജി സെന്ററിൽ വിളിച്ചിട്ടുണ്ടെന്നറിയുന്നു. ബാറുകൾ തുറക്കുന്നതടക്കം പുതിയ മദ്യനയത്തെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ യോഗത്തിൽ നടക്കും. തുടർന്നാവും പാർട്ടി തലത്തിലും മുന്നണി തലത്തിലും ആലോചിക്കുക.

മദ്യശാലകളുടെ ദൂരപരിധി സംബന്ധിച്ച സുപ്രീംകോടതി വിധി അനുസരിച്ചായിരിക്കും സർക്കാർ പ്രവർത്തിക്കുകയെന്നാണ് മന്ത്രി രാമകൃഷ്ണൻ സഭയിൽ വ്യക്തമാക്കിയത്. അതേസമയം, മദ്യഷാപ്പുകൾ പൂട്ടിയത് കൊണ്ട് മാത്രം മദ്യത്തിന്റെ ഉപഭോഗം തടയാനാവില്ലെന്ന മന്ത്രിയുടെ പരാമർശവും ശ്രദ്ധേയമാണ്.

2011 മാർച്ചിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മദ്യശാലകൾ അതേ പോലെ നിലനിറുത്താനുള്ള നടപടി കൈക്കൊള്ളണമെന്ന അഭിപ്രായമാണ് ബാർ ഹോട്ടൽ ഉടമകൾ സർക്കാരിനെ അറിയിച്ചിട്ടുള്ളത്. തൊഴിലാളി സംഘടനാ നേതാക്കളുടെ അനൗപചാരിക ചർച്ചയും ഇതിനിടയിൽ നടന്നു. ലഹരി വസ്തുക്കളുടെ വ്യാപനവും ഉപഭോഗവും വൻതോതിൽ കൂടിയതായി എക്സൈസ് കമ്മിഷണറും കഴിഞ്ഞ ദിവസം വെളിപ്പെടുത്തിയിരുന്നു.

ബാറുകൾ തുറക്കാൻ 3 കാരണങ്ങൾ

1 ബെവ്കോ - കൺസ്യൂമർ ഫെഡ് വില്പനശാലകൾ മാറ്റി സ്ഥാപിക്കുന്നതിനെ ചൊല്ലിയുള്ള ജനകീയ പ്രശ്നങ്ങളും, വില്പനശാലകൾക്ക് മുന്നിലെ അനുമില്ലാത്ത ആൾക്കൂട്ടവും. നിർമാണമേഖലയിൽ ജോലിക്ക് പോകാതെ തൊഴിലാളികൾ തങ്ങളുടെ സംഘത്തിന് വേണ്ടി മദ്യത്തിനായി ക്യൂനിൽക്കുന്ന സംഭവങ്ങളുമുണ്ട്. ബാറുകൾ പ്രവർത്തിച്ചാൽ ഈ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരമാവും.

2 ലഹരി വസ്തുക്കളുടെ വൻതോതിലുള്ള വ്യാപനവും അനധികൃത മദ്യ ഉത്പാദനവും മുമ്പ് പുകയില ഉത്പന്നങ്ങളും കഞ്ചാവും ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ബ്രൗൺഷുഗർ, ഹെറോയിൻ, ഓപിയം തുടങ്ങിയ ലഹരിവസ്തുക്കൾ പടരുന്നതായാണ് എക്സൈസിന്റെ കണ്ടെത്തൽ.

3 സംസ്ഥാനത്ത് പാടെ നിലച്ചിരുന്ന വ്യാജവാറ്റ് വീണ്ടും സജീവമാകുന്നു. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ചാരായം വാറ്റാൻ സൂക്ഷിച്ച 34,417 ലിറ്റർ വാഷും (കോട), 1337 ലിറ്റർ സ്പിരിറ്റും എക്സൈസ് പിടികൂടി. 1337 ലിറ്റർ സ്പിരിറ്റും പിടികൂടി. സ്പിരിറ്റുപയോഗിച്ച് വ്യാജ വിദേശമദ്യം നിർമ്മിച്ച് വിതരണം ചെയ്ത ചില സംഘങ്ങളും പിടിയിലായിട്ടുണ്ട്.

കർണന്റെ ഹർജി നിലനിൽക്കില്ല

▸സ്വന്തം ലേഖകൻ

ന്യൂഡൽഹി: കോടതിയലക്ഷ്യ കേസിൽ തന്നെ ആറ് മാസം തടവിന് ശിക്ഷിച്ച ഭരണഘടനാ ബെഞ്ചിന്റെ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ജസ്റ്റിസ് കർണൻ സമർപ്പിച്ച റിട്ട് ഹർജി നിലനിൽക്കില്ലെന്ന് സുപ്രീംകോടതി രജിസ്ട്രി വ്യക്തമാക്കി. ഹർജി സ്വീകരിക്കാനാവില്ലെന്നും രജിസ്ട്രി കർണന്റെ അഭിഭാഷകൻ മാത്യൂസ് നെടുമ്പാറയെ അറിയിച്ചു.

ഹർജി രജിസ്ട്രി സ്വീകരിച്ചാലേ കോടതി പരിഗണിക്കൂ. ഹർജി സ്വീകരിക്കില്ലെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഭരണഘടനയിലെ 226-ാം അനുച്ഛേദ പ്രകാരം ഹൈക്കോടതിയെ സമീപിക്കുമെന്ന് അഡ്വ. നെടുമ്പാറ പറഞ്ഞു. സുപ്രീംകോടതി എല്ലാ വാദങ്ങളും കേട്ട ശേഷം ശിക്ഷ വിധിച്ച സാഹചര്യത്തിൽ ഉത്തരവ് പിൻവലിക്കണമെന്ന അപേക്ഷ സ്വീകരിക്കാനാവില്ലെന്നാണ് വിവിധ വിധികൾ ചൂണ്ടിക്കാട്ടി രജിസ്ട്രി വ്യക്തമാക്കിയിട്ടുള്ളത്.

ശിക്ഷയുടെ വിശദമായ ഉത്തരവ് ലഭിക്കാതെ ജസ്റ്റിസ് കർണന് നിയമപരമായി പുനഃപരിശോധനാ (റിവ്യൂ) ഹർജി നൽകാനാവില്ല. ഈ സാഹചര്യത്തിലാണ് ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് റിട്ട് ഹർജി നൽകേണ്ടിവന്നത്. തന്നെ ശിക്ഷിച്ച സുപ്രീംകോടതി ഉത്തരവ് സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ജസ്റ്റിസ് കർണൻ രാഷ്ട്രപതിയെയും സമീപിച്ചിട്ടുണ്ട്.

കാർത്തി ചിദംബരം ലണ്ടനിലേക്ക് പറന്നു: എൻഫോഴ്സ്മെന്റ് കേസെടുത്തു

▸സ്വന്തം ലേഖകൻ

ന്യൂഡൽഹി: സി.ബി.ഐ റെയ്ഡിന് പിന്നാലെ മുൻ കേന്ദ്രമന്ത്രി പി. ചിദംബരത്തിന്റെ മകൻ കാർത്തി ചിദംബരം ലണ്ടനിലേക്ക് പറന്നു. ഇതിന് പിന്നാലെ കള്ളപ്പണം വെളുപ്പിക്കൽ നിയന്ത്രണ നിയമപ്രകാരം കാർത്തി ചിദംബരം ഉൾപ്പെടെയുള്ളവർക്കെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) കേസെടുത്തു.

പീറ്റർ മുഖർജിയുടെയും ഭാര്യ ഇന്ദ്രാണി മുഖർജിയുടെയും ഉടമസ്ഥതയിലായിരുന്ന ഐ.എൻ.എക്സ് മീഡിയ കമ്പനിക്ക് വിദേശ നിക്ഷേപം സ്വീകരിക്കാൻ വഴിവിട്ട സഹായം ചെയ്തെന്ന കേസിൽ ചിദംബരത്തിന്റെയും കാർത്തിയുടെയും

പി. ചിദംബരവും മകൻ കാർത്തി ചിദംബരവും

വസതികളിൽ സി.ബി.ഐ കഴിഞ്ഞദിവസം റെയ്ഡ് നടത്തിയിരുന്നു. ഇതേ ഇടപാടുമായി ബന്ധപ്പെട്ടാണ് ഇ.ഡി ഇന്നലെ കേസെടുത്തത്. അതേസമയം, വ്യാഴാഴ്ച തന്നെ കാർത്തി ലണ്ടനിലേക്ക് പറന്നു.

2007ൽ ചിദംബരം കേന്ദ്രമന്ത്രിയായിരുന്നപ്പോഴാണ് ഐ.എൻ.എക്സ് മീഡിയ ലിമിറ്റഡിന് വിദേശ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി ലഭിക്കാൻ ഒത്താശചെയ്തതെന്നാണ് ആരോപണം. കാർത്തി ചിദംബരത്തിന് പുറമേ ഷീന ബോറ കൊലപാതക കേസിൽ ജയിലിൽ കഴിയുന്ന പീറ്റർ മുഖർജി, ഇന്ദ്രാണി മുഖർജി എന്നിവരെയും പ്രതിചേർത്താണ് സി.ബി.ഐയും കേസെടുത്തത്. അതേസമയം, ആരോപണങ്ങൾ ചിദംബരവും കാർത്തിയും നിഷേധിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ ഉദ്ഘാടനം

കടകംപള്ളിയെ തിരുത്തി പിണറായി

തിരുവനന്തപുരം: മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞതിന് കടകവിരുദ്ധമായി മുഖ്യമന്ത്രി പറഞ്ഞതോടെ കൊച്ചി മെട്രോ ഉദ്ഘാടന വിവാദം കത്താൻ തുടങ്ങുന്നതിന് മുമ്പേ കെട്ടു. 30ന് ആലുവയിൽ പ്രധാനമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിക്കണമെന്നാണ് ആഗ്രഹമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രധാനമന്ത്രിയുടെ സൗകര്യപ്രകാരം ഒന്നോ രണ്ടോ ദിവസം വൈകിയാലും പ്രശ്നമില്ല. എന്നാൽ അനന്തമായി നീട്ടിക്കൊണ്ടുപോകാനാവില്ല. പ്രധാനമന്ത്രി എത്തിയില്ലെങ്കിൽ സർക്കാരിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കുമെന്നും കടകംപള്ളി പറഞ്ഞു. ഇതിനെതിരെ ബി.ജെ.പി അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ രംഗത്ത് വന്നതോടെയാണ് വിവാദമായത്. പ്രധാനമന്ത്രിക്ക് അസൗകര്യമുള്ള ദിവസം ഉദ്ഘാടനത്തിന് തിരഞ്ഞെടുത്തത് ദുഷ്ലാക്കോടെയാണെന്ന് കുമ്മനം തിരിച്ചടിച്ചു. പ്രധാനമന്ത്രിയെ മനഃപൂർവം ഒഴിവാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. ഇതിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചനയുണ്ടെന്നും കുമ്മനം പറഞ്ഞപ്പോൾ ആദ്യം മുഖ്യമന്ത്രിയുടെ ഓഫീസും പിന്നെ കണ്ണൂരിൽ മുഖ്യമന്ത്രിയും അത് തിരുത്തുകയായിരുന്നു.

കൊച്ചി മെട്രോയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെ നിർവഹിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ പറഞ്ഞു. ഉദ്ഘാടനത്തീയതി സർക്കാർ തീരുമാനിച്ചിട്ടില്ല. മേയ് 30ന് മെട്രോയുടെ ഉദ്ഘാടനം നടക്കുമെന്നവന്നത് തെറ്റായ വാർത്തയാണ്. തെറ്റിദ്ധാരണ മൂലമാണ് മന്ത്രി അങ്ങനെ പറഞ്ഞതെന്ന് പിണറായി വ്യക്തമാക്കി.

മെട്രോ ഉദ്ഘാടനത്തിനു പ്രധാനമന്ത്രിയെയാണ് ക്ഷണിച്ചത്. തിരക്കിട്ട പരിപാടികൾക്കിടയിൽ അദ്ദേഹം അതിനായി സമയം മാറ്റിവയ്ക്കുമെന്നാണ് പ്രതീക്ഷ പ്രധാനമന്ത്രിയുടെ ഓഫീസുമായി സർക്കാർ നിരന്തരം ബന്ധപ്പെടുന്നുണ്ട്. അദ്ദേഹത്തിന് സൗകര്യമുള്ള തീയതിക്കായി സർക്കാർ കാത്തിരിക്കും. ഉദ്ഘാടനത്തിന് പ്രധാനമന്ത്രി എത്തില്ലെന്ന പറഞ്ഞാൽ മാത്രമേ മറ്റൊരു ചിന്തയുണ്ടാവൂ.

ഒന്നും അറിഞ്ഞില്ല, ആരും പറഞ്ഞില്ല

കൊച്ചി മെട്രോയുടെ ഉദ്ഘാടനം സംബന്ധിച്ച് ഒരു അറിയിപ്പും ലഭിച്ചിട്ടില്ലെന്ന് കേന്ദ്ര നഗരവികസന മന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു. മെട്രോ പദ്ധതി വിഹിതത്തിൽ ഏറിയ പങ്കും കേന്ദ്ര നഗരവികസന മന്ത്രാലയമാണ് വഹിക്കുന്നത്. ഉദ്ഘാടനത്തിനായി കേന്ദ്ര നഗരവികസന മന്ത്രി വെങ്കയ്യ നായിഡുവിനെ ക്ഷണിച്ചിട്ടില്ലെന്നും മന്ത്രാലയത്തിലെ ഉന്നത വൃത്തങ്ങൾ പറഞ്ഞു. പദ്ധതിയുടെ രണ്ടാംഘട്ടത്തിന് അടക്കം അനുമതി നൽകേണ്ടത് നഗരവികസന മന്ത്രാലയമാണ്.

ഉദ്ഘാടനത്തെക്കുറിച്ച് അറിയില്ലെന്ന് ഡൽഹി മെട്രോ റെയിൽ കോർപറേഷൻ (ഡി.എം.ആർ.സി) അധികൃതരും യാതൊരു വിവരവും സർക്കാരിൽ നിന്ന് ഔദ്യോഗികമായി ലഭിച്ചില്ലെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും അറിയിച്ചു.

മാനഭംഗക്കേസ് പിൻവലിച്ചു; വിക്കിലീക്സ് സ്ഥാപകൻ അസാൻജിന് പുറത്തിറങ്ങാം

അറസ്റ്റ് ചെയ്യുമെന്ന് ലണ്ടൻ പൊലീസ്

സ്റ്റോക്ക്ഹോം: വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാൻജിനെതിരായ മാനഭംഗക്കേസ് പിൻവലിക്കാൻ സ്വീഡൻ തീരുമാനിച്ചു. ലൈംഗിക പീഡനവുമായി ബന്ധപ്പെട്ട രണ്ടു കുറ്റങ്ങളാണ് അസാൻജിനെതിരെ സ്വീഡനിൽ രജിസ്റ്റർ ചെയ്തത്. ഇതിന്റെ ഭാഗമായി പുറപ്പെടുവിച്ച അറസ്റ്റ് വാറണ്ട് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സ്വീഡന്റെ പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ മരിയാനെ സ്റ്റോക്ക്ഹോം ജില്ലാ കോടതിയിൽ അപേക്ഷ സമർപ്പിച്ചു. മാനഭംഗക്കുറ്റം നേരിടുന്നതന്നെ സ്വീഡന് കൈമാറുമെന്ന് ഭയന്ന് നാലുത്തിയഞ്ചുകാരനായ അസാൻജ് 2012 മുതൽ ലണ്ടനിലെ ഇക്വഡോർ എംബസിയിൽ അഭയം പ്രാപിച്ചിരിക്കുകയാണ്. സ്വീഡൻ അമേരിക്കയ്ക്ക് തന്നെ കൈമാറുമെന്നും അസാൻജ് ഭയപ്പെട്ടിരുന്നു.

എംബസിയിൽ ഇരുന്ന് ചിരിക്കുന്ന തന്റെ ഫോട്ടോ ട്വിറ്ററിൽ പോസ്റ്റ് ചെയ്തു കൊണ്ടാണ് അസാൻജ് വാർത്തയെ വരവേറ്റത്.

കേസ് പിൻവലിക്കാനുള്ള തീരുമാനത്തോടെ ഏഴു വർഷം നീണ്ട നിയമയുദ്ധത്തിനാണ് പരിസമാപ്തിയാകുന്നത്. അസാൻജിനെതിരെയുള്ള രണ്ടാമത്തെ പീഡനക്കേസ് 2015ൽത്തന്നെ സ്വീഡിഷ് അധികൃതർ പിൻവലിച്ചിരുന്നു.

അസാൻജ് ട്വിറ്ററിൽ പോസ്റ്റ് ചെയ്ത ലണ്ടനിലെ ഇക്വഡോർ എംബസിയിൽ ഇരുന്ന് ചിരിക്കുന്ന തന്റെ ഫോട്ടോ

അഫ്ഗാനിസ്ഥാനിലും ഇറാക്കിലും യു.എസ് നടത്തിയ രഹസ്യപ്രവർത്തനങ്ങളുടെ രേഖകൾ ചോർത്തി പുറത്തുവിട്ടതാണ് അസാൻജിനെ നേരെയുള്ള എതിർപ്പിനു പിന്നിൽ. അറസ്റ്റ് ചെയ്യുമെന്നറിഞ്ഞതിനെത്തുടർന്ന് അസാൻജിന് ഇനി ഇക്വഡോർ എംബസിയിൽനിന്നു പുറത്തിറങ്ങാം. എന്നാൽ യു.എസിലേക്കു നാടുകടത്തില്ലെന്ന് ഉറപ്പുകിട്ടിയാലേ അസാൻജ് എംബസിയിൽനിന്നു പുറത്തുള്ളുയെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകർ പറഞ്ഞു. എന്നാൽ, ജാമ്യ നിബന്ധനകൾ ലംഘിച്ച് എംബസിയിൽ അഭയം തേടിയതിനാൽ പുറത്തിറങ്ങിയാൽ ഉടൻ അസാൻജിനെ അറസ്റ്റ് ചെയ്യുമെന്ന് ലണ്ടൻ മെട്രോപൊളിറ്റൻ പൊലീസ് അറിയിച്ചു. വാറണ്ടിൽ അദ്ദേഹത്തോട് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞ നവംബറിലും അസാൻജിനെ സ്വീഡിഷ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിരുന്നു. ആസ്ട്രേലിയൻ പൗരനായ അസാൻജ് സ്ഥാപിച്ച വിക്കിലീക്സ് അമേരിക്കയുടെ രഹസ്യ നയതന്ത്ര കേബിൾ സന്ദേശങ്ങൾ പ്രസിദ്ധീകരിച്ചത് 2010 ലാണ്.

പ്രഭാഷണം നടത്താനായി സ്റ്റോക്ക്ഹോമിലെത്തിയ വേളയിൽ തങ്ങളെ ലൈംഗികമായി അസാൻജ് പീഡിപ്പിച്ചതായി മുൻ വിക്കിലീക്സ് വോളണ്ടിയർമാരായ രണ്ടു സ്ത്രീകൾ 2010 ൽ പരാതി നൽകുകയായിരുന്നു. എന്നാൽ ഉഭയകക്ഷിസമ്മതപ്രകാരമാണ് താൻ അവരുമായി ബന്ധപ്പെട്ടതെന്നും, മാനഭംഗ ആരോപണം രാഷ്ട്രീയപ്രേരിതമാണെന്നും അസാൻജ് വാദിക്കുന്നു.

രഹസ്യങ്ങളിലേക്കുള്ള താക്കോൽ പഴുത് - പേജ് 11

ഡെങ്കിപ്പനി: ബാലൻ മരിച്ചു

ചികിത്സ കിട്ടിയില്ലെന്ന് പരാതി

വിഴിഞ്ഞം: ഡെങ്കിപ്പനി ബാധിച്ച് വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ചികിത്സതേടിയിട്ടും രോഗം ശമിക്കാത്തതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച പതിനൊന്നു വയസുകാരൻ മരണമടഞ്ഞു. വെങ്ങാന്നൂർ, നെല്ലിവിള, നന്ദന ഭവനത്തിൽ ചന്ദ്രൻ - മീരാദമ്പതികളുടെ മകൻ അനന്ദുവാണ് മരിച്ചത്.

വിഴിഞ്ഞത്ത് കിടത്തി ചികിത്സിക്കാതെ ദിവസവും മരുന്ന് നൽകി വീട്ടിലേക്ക് അയയ്ക്കുകയായിരുന്നുവെന്ന് ബന്ധുക്കൾ ആരോപിച്ചു. വ്യാഴാഴ്ച അമ്മയോടൊപ്പം ആശുപത്രിക്ക് പുറത്തേക്കു വരുമ്പോൾ കുട്ടി കുഴഞ്ഞു വീണു. തുടർന്ന് കുട്ടിയെ നഗരത്തിലെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും നിലഗുരുതരമായതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. അവിടെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ എട്ട് മണിയോടെയാണ് കുട്ടി മരിച്ചത്. വി.എച്ച്.എസ്.എസ് ഫോർബോയ്സ്സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിയാണ്. സഹോദരങ്ങൾ: നന്ദു, നന്ദന.

വേർപാടിന്റെ ആറു വർഷം [20.05.2017]

T. രാധാകൃഷ്ണൻ (R.K.)

R.K ലാൻഡ് & R.K ഫൈനാൻസ്,
നെടുങ്ങണ്ട. ഫോൺ : 0470 - 2607875.

'ഒരു ജന്മത്തെ മുഴുവൻ സ്നേഹവും സൗഭാഗ്യവും പങ്കുവയ്ക്കും മുൻപേ അനന്തവിഹായസ്സിലേക്ക് മൺമറഞ്ഞ ഞങ്ങളുടെ സർവ്വസ്വമേ...' എന്നും ഞങ്ങൾക്ക് തുണയേകണമേ!

എന്ന്, ദുഃഖിതയായ ഭാര്യ : അനിത കൃഷ്ണൻ,
മകൾ : രമ്യ കൃഷ്ണൻ, ബന്ധുമിത്രാദികൾ.